ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE:20.09.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. രാജ്യത്തെ കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിന് കാർഷികാധിഷ്ഠിത വ്യവസായം പ്രോത്സാഹിപ്പിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു

   **President Draupadi Murmu stressed to promote agriculture based industry to increase income of farmers in the country**

2. ആയിരക്കണക്കിന് വർഷത്തെ വൈദഗ്ധ്യം പ്രയോജനപ്പെടുത്തി, വികസിത ഇന്ത്യ സൃഷ്ടിക്കുന്നതിനുള്ള മാർഗരേഖയാണ് വിശ്വകർമ യോജനയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി

   **Prime Minister Narendra Modi said that Vishwakarma Yojana is a roadmap to utilize thousands of years old skills to develop India**

3. പ്രധാനമന്ത്രിയുടെ മൂന്ന് ദിവസത്തെ അമേരിക്കൻ സന്ദർശനത്തിന് നാളെ തുടക്കം; ക്വാഡ് ഉച്ചകോടിയിലും

**ഐക്യരാഷ്ട്ര പൊതുസഭയിലെ ഉച്ചകോടിയിലും പങ്കെടുക്കും**

**Prime Minister's three-day US visit begins tomorrow; He will attend the Quad Summit and the United Nations General Assembly Summit**

4. **പ്രശസ്ത മലയാള അഭിനേത്രി കവിയൂർ പൊന്നമ്മ അന്തരിച്ചു. വിടവാങ്ങിയത് അമ്മ വേഷങ്ങൾക്ക് പുതുഭാവം നൽകിയ പ്രതിഭ**

   **Famous Malayalam actress Kaviyoor Ponnamma passed away; The genius who gave a new grace to mother characters has left**

5. **ബംഗ്ലാദേശിനെതിരായ ഒന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ദിനത്തിൽ ഇന്ത്യക്ക് 308 റൺസിന്റെ ലീഡ്**

   **India lead by 308 runs on the second day of the first cricket test against Bangladesh**

**&&&&&&&&&&&&&&&&&&**

## DAY PRESIDENT- RANCHI

രാജ്യത്തെ കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിന് കാർഷികാധിഷ്ഠിത വ്യവസായം പ്രോത്സാഹിപ്പിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. കാർഷിക ഗവേഷണ സ്ഥാപനമായ ICAR ന് ഈ രംഗത്ത് ഫലപ്രദമായ പങ്ക് വഹിക്കാനാകുമെന്നും രാഷ്ട്രപതി പറഞ്ഞു. റാഞ്ചിയിലെ

ICAR ശതാബ്ദി ആഘോഷങ്ങൾ ഉത്ഘാടനം ചെയ്യുകയായിരുന്നു ശ്രീമതി മുർമു. കൃഷിയുമായി ബന്ധപ്പെട്ട ഗവേഷണ-വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനൊപ്പം ഗവേഷണ ഫലങ്ങൾ കർഷകരിൽ കൃത്യമായി എത്തിക്കാനും ICAR ന് സാധിക്കുന്നുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു. ദ്വിതീയ കൃഷി രീതിയെ കുറിച്ച് കർഷകരിൽ അവബോധം വളർത്താൻ ഗവേഷകർക്ക് കഴിയണമെന്നും ശ്രീമതി മുർമു അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## VP DAMAN VISIT

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറിന്റെ ദാദ്ര നഗർ ഹവേലി - ദാമൻ ദിയു സന്ദർശനം തുടരുന്നു. ദാമനിലെ ജാംപൂരിൽ സജ്ജമാക്കിയ പക്ഷിസങ്കേതം ഉപരാഷ്ട്രപതി ഇന്ന് ഉദ്ഘാടനം ചെയ്തു. നാളെ, ദാദ്ര ആൻഡ് നഗർ ഹവേലിയിലെ സിൽവാസയിലുള്ള നമോ മെഡിക്കൽ എജ്യുക്കേഷൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കുന്ന ഉപരാഷ്ട്രപതി വിദ്യാർത്ഥികളുമായി സംവദിക്കും. സിൽവാസയിലെ വെസ്റ്റ് സോൺ സാംസ്കാരിക കേന്ദ്രത്തിൽ സംഘടിപ്പിക്കുന്ന പൊതുപരിപാടിയിലും അദ്ദേഹം പങ്കെടുക്കും. വിവിധ വികസന പദ്ധതികളും ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

## PM US – CURTAIN RAISER –INTRO

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ അമേരിക്കയിലേക്ക് തിരിക്കും. നാലാമത് ക്വാഡ് ഉച്ചകോടിയിൽ പങ്കെടുക്കുന്ന അദ്ദേഹം ഐക്യരാഷ്ട്ര പൊതുസഭയിൽ നടക്കുന്ന ഉച്ചകോടിയേയും അഭിസംബോധന ചെയ്യും

***വിശദാംശങ്ങളിലേക്ക്............***

***(വോയിസ്)***

&&&&&&&&&&&&&&&&&&

## PM US – CURTAIN RAISER –VOICE

ഈ മാസം 23 വരെയുള്ള യു എസ് സന്ദർശന വേളയിൽ ഡെലവെയറിലെ വിൽമിംഗ്ടണിൽ നടക്കുന്ന നാലാമത് ക്വാഡ് നേതാക്കളുടെ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനാണ് ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കുന്നത്. 2025ൽ അടുത്ത ക്വാഡ് ഉച്ചകോടിക്ക് ഇന്ത്യയാണ് ആതിഥേയത്വം വഹിക്കുക. മറ്റന്നാൾ ന്യൂയോർക്കിൽ ഇന്ത്യൻ സമൂഹവുമായി പ്രധാനമന്ത്രി സംവദിക്കും. 23-ന് ന്യൂയോർക്കിലെ ഐക്യരാഷ്ട്ര പൊതുസഭയിൽ നടക്കുന്ന ഉച്ചകോടിയെ അദ്ദേഹം അഭിസംബോധന ചെയ്യും. 'നല്ല നാളേയ്ക്കായുള്ള ബഹുമുഖ പരിഹാരങ്ങൾ' എന്നതാണ് ഉച്ചകോടിയുടെ പ്രമേയം. ഉച്ചകോടിക്കിടെ, പ്രധാനമന്ത്രി നിരവധി ആഗോള നേതാക്കളുമായി ഉഭയകക്ഷി

കൂടിക്കാഴ്ചകൾ നടത്തുകയും പരസ്പര താൽപ്പര്യമുള്ള വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്യും. സന്ദർശന വേളയിൽ, നിർമ്മിത ബുദ്ധി, ക്വാണ്ടം കംപ്യൂട്ടിംഗ്, അർദ്ധചാലകങ്ങൾ, ബയോടെക്നോളജി തുടങ്ങിയ മേഖലകളിൽ സഹകരണം വളർത്താനായി യുഎസിലെ പ്രമുഖ കമ്പനികളുടെ സിഇഒമാരുമായും പ്രധാനമന്ത്രി ആശയവിനിമയം നടത്തും.

ന്യൂസ്ഡസ്ക് ആകാശവാണി......

&&&&&&&&&&&&&&&&&&&

**PM VISHWAKARMA**

ആയിരക്കണക്കിന് വർഷത്തെ വൈദഗ്ധ്യം പ്രയോജനപ്പെടുത്തി, വികസിത ഇന്ത്യ സൃഷ്ടിക്കുന്നതിനുള്ള മാർഗരേഖയാണ് വിശ്വകർമ യോജനയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പി എം വിശ്വകർമ്മ പദ്ധതിയുടെ ഒന്നാം വാർഷികാഘോഷങ്ങളുടെ ഭാഗമായി മഹാരാഷ്ട്രയിലെ വർധയിൽ സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.വിശ്വകർമ പദ്ധതി പ്രയോജനപ്പെടുത്തി കരകൗശല വിദഗ്ധർ സംരംഭകരും ബിസിനസുകാരുമായി മാറണമെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാനത്ത് നടന്ന ആഘോഷപരിപാടികളിൽ കേന്ദ്രസഹമന്ത്രിമാരായ ജോർജ് കുര്യൻ, സുരേഷ് ഗോപി എന്നിവർ പങ്കെടുത്തു. തൊഴിലവസരങ്ങളുടെ കാര്യത്തിൽ രാജ്യത്ത് വൻ കുതിച്ചു ചാട്ടമാണുണ്ടാകുന്നതെന്ന് സുരേഷ് ഗോപി കോഴിക്കോട്

ഗോവിന്ദ പുരത്ത് നടന്ന പരിപാടിയിൽ പറഞ്ഞു. 2047 ഓടെ ഇന്ത്യയെ വികസിത രാജ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്രസർക്കാർ വിശ്വകർമ്മ പദ്ധതിയുൾപ്പടെയുള്ള കർമ്മപരിപാടികൾ നടപ്പാക്കുന്നതെന്ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

**KAVIYOOR PONNAMMA**

പ്രശസ്ത മലയാള ചലച്ചിത്ര നടി കവിയൂർ പൊന്നമ്മ അന്തരിച്ചു. വാർധക്യ സഹജമായ അസുഖത്തെ തുടർന്ന് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെയാണ് അന്ത്യം. 79 വയസായിരുന്നു. അമ്മ വേഷങ്ങളിലൂടെ മലയാള സിനിമയിൽ നിറഞ്ഞു നിന്ന കവിയൂർ പൊന്നമ്മ നാനൂറിൽ അധികം ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. മാതൃഭാവമുള്ള കഥാപാത്രങ്ങളിലൂടെ മലയാളികളുടെ ഹൃദയത്തിൽ ഇടംനേടിയ കവിയൂർ പൊന്നമ്മ, നാടകത്തിലും ടെലിവിഷനിലും ശ്രദ്ധേയമായ സംഭാവനകൾ നൽകിയ നടിയായിരുന്നുവെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

**NADDA 100 DAY EARLY**

70 വയസും അതിൽ കൂടുതലുമുള്ള എല്ലാവരെയും ഉൾപ്പെടുത്തി ആയുഷ്മാൻ ഭാരത്-പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന വിപുലീകരിക്കാനുള്ള തീരുമാനം സമൂഹത്തിൽ വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ. ഏകദേശം ആറ് കോടി മുതിർന്ന പൗരന്മാർക്ക് അഞ്ച് ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ ഇൻഷുറൻസ് ലഭ്യമാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ആരോഗ്യ മന്ത്രാലയത്തിൻ്റെ പ്രവർത്തനങ്ങളും നേട്ടങ്ങളും സംബന്ധിച്ച് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ സർക്കാർ അധികാരത്തിൽ വന്ന് 100 ദിവസത്തിനിടെ നടത്തിയ നിരവധി ക്ഷേമപ്രവർത്തനങ്ങൾ കേന്ദ്രമന്ത്രി എടുത്തുപറഞ്ഞു.

&&&&&&&&&&&&&&&&&&

## GOYAL-LAOS VISIT

ലാവോസിൽ നടന്ന 21-ാമത് ആസിയാൻ-ഇന്ത്യ സാമ്പത്തിക മന്ത്രിമാരുടെ യോഗത്തിൽ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ പങ്കെടുത്തു. വ്യാപാര-സാമ്പത്തിക ബന്ധങ്ങൾ ദൃഢമാക്കാനും പുതിയ വ്യവസായ അവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്ന ആസിയാൻ-ഇന്ത്യ ചരക്ക് കരാറിൻ്റെ പുരോഗതി യോഗം വിലയിരുത്തി. സന്ദർശന വേളയിൽ, നിരവധി ഉഭയകക്ഷി ചർച്ചകളിലും കേന്ദ്രമന്ത്രി പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## NADDA – FOOD SUMMIT INTRO

ഭക്ഷ്യ മേഖലയിൽ പരിസ്ഥിതി സൗഹൃദ പാക്കേജിംഗ് വികസിപ്പിക്കുന്നതിനുള്ള ഇന്ത്യയുടെ ശ്രമങ്ങൾ ആരോഗ്യ സുരക്ഷക്കും പരിസ്ഥിതി സംരക്ഷണത്തിലും നിർണായകമാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി നഡ്ഡ. ഭക്ഷ്യസുരക്ഷ ഉൾപ്പെടെ വിവിധ മേഖലകളിൽ ഗവേഷണം ശക്തമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്രസർക്കാർ ദേശീയ ഗവേഷണ സ്ഥാപനത്തിന് തുടക്കമിടുന്നതെന്നും കേന്ദ്രമന്ത്രി പറഞ്ഞു. ന്യൂഡൽഹിയിൽ ഗ്ലോബൽ ഫുഡ് റെഗുലേറ്റേഴ്സ് ഉച്ചകോടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭക്ഷ്യസുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ശക്തമായ പ്രതിബദ്ധതയും തുടർച്ചയായ പരിഷ്കാരങ്ങളും ആവശ്യമാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രി വ്യക്തമാക്കി. ദ്രുതഗതിയിലുള്ള ആഗോളവൽക്കരണവും സാങ്കേതിക പുരോഗതിയും ഉപഭോക്തൃ മുൻഗണനകളും ഭക്ഷ്യ സംസ്കാരത്തിൽ മാറ്റങ്ങളുണ്ടാക്കിയതായി അദ്ദേഹം അഭിപ്രായപ്പെട്ടു.

*( കേന്ദ്രമന്ത്രി വോയിസ് )*

&&&&&&&&&&&&&&&&&&

## FOOD SAFETY INDEX

ആറാമത് സംസ്ഥാന ഭക്ഷ്യ സുരക്ഷാ സൂചികയിൽ ഒന്നാം സ്ഥാനം നേടി കേരളം. കേന്ദ്ര ആരോഗ്യമന്ത്രി ജെ പി

നല്ലയാണ് ഭക്ഷ്യ സുരക്ഷാ സൂചിക പുറത്തിറക്കിയത്. തമിഴ്നാട് രണ്ടാം സ്ഥാനത്തും ജമ്മു കശ്മീർ മൂന്നാം സ്ഥാനത്തുമാണ്.

&&&&&&&&&&&&&&&&&&

**CRICKET**

ബംഗ്ലാദേശിനെതിരായ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ രണ്ടാംദിനം കളി അവസാനിച്ചപ്പോൾ ഇന്ത്യക്ക് 308 റൺസിന്റ ലീഡ്. ഒന്നാം ഇന്നിങ്സിന്റെ തുടക്കം മുതൽ ബാറ്റിങ്ങ് തകർച്ച നേരിട്ട ബംഗ്ലദേശ് 149 റൺസിന് പുറത്താവുകയായിരുന്നു. രണ്ടാം ദിനം കളി നിർത്തുമ്പോൾ രണ്ടാം ഇന്നിങ്സിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ 81 റൺസ് എന്ന നിലയിലാണ് ഇന്ത്യ. 33 റൺസുമായി ശുഭ്മൻ ഗിൽ, 12 റൺസുമായി റിഷഭ് പന്ത് എന്നിവരാണ് ക്രീസിൽ. ഇന്ത്യയുടെ ഒന്നാം ഇന്നിങ്സ് സ്കോറായ 376 റൺസ് പിന്തുടർന്നിറങ്ങിയ ബംഗ്ലാദേശിൻറെ ആദ്യ ഇന്നിങ്സ് 149ൽ അവസാനിച്ചു. നാലു വിക്കറ്റ് പിഴുത ജസ്പ്രീത് ബുംറയാണ് ബംഗ്ലാദേശ് ബാറ്റിങ് നിരയെ നിലംപരിശാക്കിയത്.

ഇന്ത്യക്കായി മുഹമ്മദ് സിറാജ്, ആകാശ് ദീപ്, രവീന്ദ്ര ജഡേജ എന്നിവർ രണ്ട് വിക്കറ്റ് വീതം നേടി.

&&&&&&&&&&&&&&&&&&

**BADMINTON**

ചാങ്ഷൗവിൽ നടക്കുന്ന ചൈന ഓപ്പൺ ഷട്ടിൽ ബാഡ്മിൻ്റൺ ടൂർണമെന്റിൽ നിന്ന് ഇന്ത്യയുടെ വനിതാ താരം മാളവിക ബൻസോദ് പുറത്തായി . വനിതാ സിംഗിൾസിൻ്റെ ക്വാർട്ടർ ഫൈനലിൽ ,രണ്ട് തവണ ലോക ചാമ്പ്യനായ ജപ്പാൻ്റെ അകാനെ യമാഗുച്ചിയാണ് നേരിട്ടുള്ള സ്കോറുകൾക്ക് ബൻസോദിയെ പരാജയപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&

**GOVT-LADDU**

തിരുപ്പതി ലഡുവിൽ മായം ചേർത്തെന്ന ആരോപണത്തിൽ കേന്ദ്രം, ആന്ധ്രാപ്രദേശ് സർക്കാരിനോട് റിപ്പോർട്ട് തേടി. വിഷയവുമായി ബന്ധപ്പെട്ട് ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ ചന്ദ്രബാബു നായിഡുവുമായി സംസാരിച്ചിട്ടുണ്ടെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി.നഡ്ഡ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സർക്കാർ ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. വിഷയത്തിൽ അന്വേഷണം ഉണ്ടാകുമെന്നും കുറ്റക്കാർക്ക് ശിക്ഷ ഉറപ്പാക്കുമെന്നും കേന്ദ്ര ഭക്ഷ്യമന്ത്രി പ്രൽഹാദ് ജോഷി നേരത്തെ പറഞ്ഞിരുന്നു.

&&&&&&&&&&&&&&&&&&

**SWACHATHA DRIVE**

സ്വച്ഛത ഹി സേവാ പരിപാടിയുടെ ഭാഗമായി രാജ്യത്തുടനീളം ശുചീകരണ യജ്ഞം ഊർജ്ജിതം. ക്യാമ്പയിനോട് അനുബന്ധിച്ച് 'ഏക് പേട് മാ കേ നാം' വൃക്ഷത്തൈ നടീൽ പ്രചാരണവും പുരോഗമിക്കുകയാണ്. കേരളത്തിലും, വിവിധ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ സജീവമായ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## WEST BENGAL FLOOD

തെക്കൻ പശ്ചിമ ബംഗാളിലെ വെള്ളപ്പൊക്ക സാഹചര്യവും ദാമോദർ വാലി കോർപ്പറേഷന്റെ മേൽനോട്ടത്തിലുള്ള ജലസംഭരണികളിൽ നിന്ന് വെള്ളം തുറന്നുവിട്ടതും വിശദീകരിച്ച് പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് കത്തയച്ചു. ഹൗറ, ഹൂഗ്ലി, കിഴക്ക് - പടിഞ്ഞാറ് മിഡ്നാപൂർ തുടങ്ങിയ ഇടങ്ങളെ വെള്ളപ്പൊക്കം സാരമായി ബാധിച്ചിട്ടുണ്ട്. വെള്ളപ്പൊക്കത്തെ തുടർന്ന് പശ്ചിമ ബംഗാളിനും ജാർഖണ്ഡിനും ഇടയിലുള്ള അന്തർ സംസ്ഥാന അതിർത്തി ഇന്നലെ മുതൽ മൂന്ന് ദിവസത്തേക്ക് അടച്ചിരിക്കുകയാണ്. ട്രക്കുകൾ ഉൾപ്പടെ നിരവധി വാഹനങ്ങൾ റോഡുകളിൽ കുടുങ്ങിക്കിടക്കുകയാണ്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&&&

&&&&&&&&

&&&&&&

&&&&

&&&

&&

&